# 25

## സഭ:

# അതിന്റെ ദൗത്യം

**സഭയ്ക്കുള്ള വരങ്ങൾ** ____________________

1. **സഭയ്ക്കുള്ള ക്രിസ്തുവിന്റെ അഞ്ചുവരങ്ങൾ പറയുക (എഫെ. 4:8-11).**
   a. അപ്പൊസ്തലന്മാർ - ക്രിസ്തുവിനുവേണ്ടി ദൃക് - സാക്ഷികളായി സാക്ഷീകരിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുക.
   b. പ്രവാചകന്മാർ - വെളിപ്പെടുത്തുകയും ഉപദേശിക്കുകയും ചെയ്യുക.
   c. സുവിശേഷകന്മാർ - സുവിശേഷം പ്രസംഗിക്കുക.
   d. ഇടയന്മാർ - സൂക്ഷിക്കുക, മേയ്ക്കുക, കൂട്ടത്തെ സംരക്ഷിക്കുക.
   e. ഉപദേഷ്ടാക്കന്മാർ - എല്ലാ കാലത്തും നിർദ്ദേശം കൊടുക്കുക.
2. **ഈ ആളുകളിലെല്ലാം എത്രകാലം അത്ഭുത ശക്തി ഉണ്ടായിരുന്നു (എഫെ. 4:13)?**
3. **ഈ വരങ്ങൾ എന്തിനാണ് സഭയ്ക്കു നല്കിയത് (എഫെ. 4:12-14)?**
   a. ഏതർത്ഥത്തിലാണ് ഇപ്പോൾ നമുക്കു സഭയിൽ അപ്പൊസ്തലന്മാർ ഉള്ളത്?
   ന്യായാധിപന്മാരെ പോലെ, അവരുടെ സാക്ഷ്യം പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു - അതാണ് ക്രിസ്ത്യാനികളുടെ ഏക വഴികാട്ടി.
   b. ഈ വരങ്ങൾ ഇന്നു സഭയിൽ എങ്ങനെ ഉപയോഗിക്കാം (2 തിമൊ. 2:2, 15)?

**വിശുദ്ധന്മാരെ ആത്മിക വർദ്ധന വരുത്തുവാൻ** ____________

1. **''ആത്മിക വർദ്ധനവു'' വരുത്തുക എന്നാൽ എന്താണ് അർത്ഥം?** പണിയുക, ശക്തിപ്പെടുത്തുക.
2. **ആത്മിക വർദ്ധനവു വരുത്തേണ്ട ഒരു കൂട്ടം ആളുകൾ ആരെന്നു പറയുക (1 പത്രൊ. 5:1, 2).**
   a. അതെങ്ങനെ ചെയ്തു (1 തെസ. 5:14, 15)?
   b. പുതിയ പരിവർത്തകരെ എങ്ങനെ ആത്മിക വർദ്ധനവു വരുത്താം (പ്രവൃത്തികൾ 14:22, 23; 15:41)?
   c. ആദ്യ സഭ എങ്ങനെ വളർന്നു (പ്രവൃത്തികൾ 2:42)?
      (1) യെരുശലേം സഭയിലെ ഏറ്റവും വലിയ പ്രബോധകൻ

ആരായിരുന്നു (പ്രവൃത്തികൾ 4:36)?
(2) അവനെ എവിടേക്കാണ് അയച്ചത്? എന്തു ഫലങ്ങളോടെ (പ്രവൃത്തികൾ 11:22-24)?

**ആവശ്യമുള്ളവരെ സഹായിക്കുവാൻ ____________________________**

1. ആദ്യസഭ ദരിദ്രരെ എങ്ങനെ ശ്രദ്ധയോടെ കരുതി (പ്രവൃത്തികൾ 2:45; 4:32-35)?
2. യഹൂദ്യയിലെ ദരിദ്രരെ അന്ത്യോക്യാ സഭ എങ്ങനെ ആശ്വസിപ്പിച്ചു (പ്രവൃത്തികൾ 11:29, 30)?
3. ആവശ്യമുള്ള വിധവമാർക്ക് തബീഥാ എന്തു ചെയ്തു (പ്രവൃത്തികൾ 9:36-39)?
4. ജാതികളുടെ അപ്പൊസ്തലനെന്ന നിലയിൽ, പൗലൊസ് എന്തു ചെയ്തു (ഗലാ. 2:8, 10)?
5. എന്തുകൊണ്ടു എഫെസ്യർ ജോലി ചെയ്യേണ്ടിയിരുന്നു (എഫെ. 4:28)?
6. എന്താണ് നിർമ്മലമായ ഭക്തി (യാക്കൊ. 1:27)?

**സുവിശേഷം പ്രസംഗിക്കുവാൻ - സുവിശേഷീകരണം ______________**

1. എന്താണ് സഭ (1 തിമൊ. 3:15)?
2. മത്തായിയുടെ സുവിശേഷത്തിലെ മഹത്തായ ആജ്ഞ നല്കുക (മത്താ. 28:18-20).
   ഇനി മർക്കൊസിന്റെയും ലൂക്കൊസിന്റെയും രേഖകൾ നല്കുക (മർക്കൊ. 15:16; ലൂക്കൊ. 24:46-49).
3. ഈ സുവിശേഷീകരണത്തിന്റെ ക്രമം എന്താണ് (പ്രവൃത്തികൾ 1:8)?
4. ആരാണ് അയക്കൽ നടത്തേണ്ടത് (പ്രവൃത്തികൾ 13:1-3)?
5. റോമ. 10:14, 15 മനപ്പാഠമാക്കുക.
6. ഏതു സഭ കേന്ദ്രീകരിച്ചാണ് സുവിശേഷീകരണം നടന്നത് (പ്രവൃത്തികൾ 14:26, 27)?
7. മഹത്തായ ആജ്ഞ തെസലൊനിക്യ സഭ എങ്ങനെ നടപ്പാക്കി (1 തെസ. 1:6-9)?
8. ഫിലിപ്പിയ സഭ എങ്ങനെ മിഷ്ണറിമാരെ സഹായിച്ചു (ഫിലി. 4:14-16)?
9. ഫിലിപ്പിയ സഭയ്ക്കുവേണ്ടി പൗലൊസ് സ്തോത്രം ചെയ്തതു എന്തിനുവേണ്ടി (ഫിലി. 1:3-5)?
10. മിഷ്ണറി കേന്ദ്രമായി മാറിയില്ലെങ്കിൽ ഏതെങ്കിലും സഭ മാതൃകാ സഭയായി തീരുമോ?

**വ്യക്തിപരമായ സുവിശേഷീകരണം ______________________________**

1. ഉപദ്രവങ്ങൾക്കിടയിൽ ആദ്യ സഭ എന്തു ചെയ്തു (പ്രവൃത്തികൾ 8:1, 4)?

2. അന്ത്രെയോസ് ആരെയാണ് ക്രിസ്തുവിങ്കലേക്കു കൊണ്ടുവന്നത് (യോഹ. 1:40-42)?
3. ഫിലിപ്പൊസ് ആരെയാണ് ക്രിസ്തുവിങ്കലേക്കു കൊണ്ടുവന്നത് (യോഹ. 1:45-49)?
4. സുവിശേഷകനായിരുന്ന ഫിലിപ്പൊസ്, എങ്ങനെ, സുവിശേഷീ കരണം നടത്തി (പ്രവൃത്തികൾ 8:5, 12, 13)?
5. അപ്പൊസ്തലന്മാർ അവരുടെ പ്രസംഗം അധികവും എങ്ങനെ ചെയ്തു (പ്രവൃത്തികൾ 5:42, 20:20)?
6. നഷ്ടപ്പെട്ടവരെ രക്ഷിക്കുവാൻ ഒരാൾ ഏതു പരിധിവരെ പോകണം (1 കൊരി. 9:20-23)?
7. ബന്ധനത്തിലായിരുന്നപ്പോൾ, പൗലൊസ് എങ്ങനെ കാവൽക്കാ രോടു സുവിശേഷം അറിയിച്ചു (ഫിലി. 1:12, 13)?
8. പൗലൊസ് തടവിൽ വെച്ചു പരിവർത്തനം ചെയ്തത് ആരെ (ഫിലേമോൻ 10)?
9. ക്രിസ്ത്യാനികൾ ലോകത്തിനു എന്താണ് (മത്താ. 5:13, 14)?

© 2009 Truth for Today